# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2381 — 14.06.2019- ൽ മറുപടിക്ക്

### പാലക്കാട്ടെ കൈത്തറി നെയ്ത്തുതൊഴിലാളി സംഘങ്ങൾ

ചോദ്യം

ശ്രീ.പി.ഉണ്ണി

ഉത്തരം

ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) പാലക്കാട് ജില്ലയിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കൈത്തറി നെയ്ത്ത് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ;

(എ) പാലക്കാട് ജില്ലയിൽ കൈത്തറി നെയ്ത്ത് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി | ഏഴ് സംഘങ്ങളിലായി 138 നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. |
| 2 | യുവവീവ് പദ്ധതി | 20 തൊഴിലാളികൾക്ക് നെയ്ത്ത് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനത്തിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | ഒരു വീട്ടിൽ ഒരു തറി | 24 നെയ്ത്ത് തൊഴിലാളികൾക്ക് തറിയുടെ വിലയുടെ ¾ ഭാഗം സർക്കാർ ധനസഹായമായി നൽകി നെയ്ത്തുതൊഴിലിലേക്ക് കൊണ്ടു വരുന്നു. |
| 4 | നെയ്ത്ത് പരിശീലനം | പരിശീലനം നൽകിയ 48 പേരിൽ 30 പേർ നെയ്ത്തു ജോലിയിൽ തുടരുന്നു. |

കൂടാതെ റിബേറ്റ്, പ്രൊഡക്ഷൻ ഇൻസെന്റീവ്, ഇൻകം സപ്പോർട്ട്, അംശദാന മിതവ്യയ ഫണ്ട്, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, വ്യക്തിഗത വർക്ക് ഷെഡ് റിപ്പയറിംഗ്, ഫാക്ടറി വർക്ക്ഷെഡ് റിപ്പയറിംഗ്, മാർജിൻ മണി ഗ്രാന്റ്, എക്സിബിഷൻ ഗ്രാന്റ്, വിവിധ പരിശീലന പരിപാടികൾ,

ഹാന്റ്ലൂം മാർക്ക്, റീ-ഇംപേഴ്സ്മെന്റ് എന്നീ പദ്ധതികൾ വഴി നെയ്ത്ത് വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിനുമായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) അടച്ചുപൂട്ടിക്കിടന്ന് നാമാവശേഷമായ കൈത്തറി നെയ്ത്തുതൊഴിലാളി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ പ്രവർത്തനരഹിതമായ പുതുക്കോട് കൈത്തറി സഹകരണ സംഘം ലിമിറ്റഡ് നം.എഫ് 1562, പല്ലഞ്ചാത്തന്നൂർ കൈത്തറി സഹകരണ സംഘം എഫ് 1333, കരിമ്പുഴ കൈത്തറി സഹകരണ സംഘം എഫ് 1633 എന്നീ 3 സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ നടന്നു കഴിഞ്ഞു. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ആലത്തൂർ, ഒറ്റപ്പാലം താലൂക്കുകളിൽ എത്ര നെയ്ത്തുതൊഴിലാളി സംഘങ്ങൾ പൂട്ടി കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(സി) ആലത്തൂർ താലൂക്കിൽ അഞ്ചും ഒറ്റപ്പാലം താലൂക്കിൽ മൂന്നും നെയ്ത്തു തൊഴിലാളി സംഘങ്ങൾ പൂട്ടി കിടക്കുന്നുണ്ട്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ആലത്തൂർ താലൂക്ക്</u>**

1)പുതുക്കോട് കൈത്തറി സഹകരണസംഘം എഫ്-1562

2)പുതുക്കോട് എസ്.സി കൈത്തറി സഹകരണ സംഘം- പി.എച്ച് 8

3)മേലാർകോട് കൈത്തറി സഹകരണ സംഘം -എഫ് 1606

4)കുഴൽമന്ദം കൈത്തറി സഹകരണ സംഘം -എഫ് 1311

5)പല്ലഞ്ചാത്തന്നൂർ കൈത്തറി സഹകരണ സംഘം -എഫ് 1333

**<u>ഒറ്റപ്പാലം താലൂക്ക്</u>**

1)പട്ടിത്തറ പട്ടികജാതി കൈത്തറി സഹകരണ സംഘം- പി.എച്ച് 12

2)കണ്ണിയാമ്പുറം കൈത്തറി സഹകരണ സംഘം-എച്ച് 215

3)കരിമ്പുഴ കൈത്തറി സഹകരണ സംഘം- എഫ് 1633

| | |
|---|---|
| (ഡി) പ്രസ്തുത സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ എന്നറിയിക്കാമോ; | (ഡി) പൂട്ടി കിടക്കുന്ന കൈത്തറി നെയ്ത്തു തൊഴിലാളി സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് ഇപ്പോൾ നിലവില്ല. എന്നാൽ സംഘം തയ്യാറായി വന്നാൽ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**